# *മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടികൾ*

(സാന്നിദ്ധ്യം ഃ കെ. പ്രേമരാജൻ)

***<u>ഉത്തരവ് നമ്പർ ജെ 6/1542/09/എം.ഡി.ബി തീയ്യതി : 28.08.2010</u>***

വിഷയം ഃ ശ്രീ തളി സെൻട്രൽ ദേവസ്വം ഓഫീസ് - സാമൂതിരി ഗ്രൂപ്പ് ക്ഷേത്രങ്ങൾ - താൽക്കാലിക ജീവനക്കാരെ അംഗീകരിയ്ക്കാൻ ഉത്തരവാകുന്നു.

സൂചന ഃ 1) കമ്മീഷണറുടെ ഉത്തരവ് നമ്പർ ജെ 6/1080/08 തീയതി : 25.06.2010.
2) മലബാർ ദേവസ്വം ബോർഡ് തീരുമാനം നം. (48) തീയതി : 27.07.10.
3) കമ്മീഷണറുടെ ഉത്തരവ് നമ്പർ ജെ 6/10808/08 തീയതി : 05.08.2010.

*********

സൂചന (2) പ്രകാരം സാമൂതിരി രാജയ്ക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉൾപ്പെടെയുള്ള താൽക്കാലിക ജീവനക്കാരെ അംഗീകരിയ്ക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ, ടി ക്ഷേത്രങ്ങളിലെ താൽക്കാലിക ജീവനക്കാരെ നിബന്ധനകൾക്ക് വിധേയമായി അംഗീകരിയ്ക്കുന്നതിനും തീരുമാനമെടുക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം ഈ കാര്യത്തിൽ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുകയുമുണ്ടായി.

ഈ സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള മലബാർ ദേവസ്വം ബോർഡ് തീരുമാനവും, ആയതിന്റെ അടിസ്ഥാനത്തിലുള്ള സൂചന (3) പ്രകാരമുള്ള ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ, സാമൂതിരി രാജയ്ക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഇതോടൊപ്പം അടക്കം ചെയ്യുന്ന പട്ടിക പ്രകാരമുള്ള താൽക്കാലിക ജീവനക്കാരെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവരുടെ പ്രാരംഭ തസ്തികയിൽ സ്ഥിരപ്പെടുത്തി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ജീവനക്കാരെ സൂചന (1), (3) പ്രകാരമുള്ള ഉത്തരവുകളനുസരിച്ച് ശമ്പള പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ, അതാത് അസിസ്റ്റന്റ് കമ്മീഷണർമാർ നിർവ്വഹിക്കേണ്ടതാണ്.

ഉള്ളടക്കം ഃ മേൽ പറഞ്ഞ ലിസ്റ്റ്

കമ്മീഷണർ

പകർപ്പ് ഃ

അസിസ്റ്റന്റ് കമ്മീഷണർ,
മലബാർ ദേവസ്വം ബോർഡ്,
പാലക്കാട് / മലപ്പുറം / കോഴിക്കോട്.

സാമൂതിരി രാജ, കോഴിക്കോട്.

പ്രസിഡണ്ടിന്റെ പേഴ്സണൽ അസിസ്റ്റന്റ് / വെബ്സൈറ്റ്